വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, 1970–71ലാണ് ഈ പാലം പണി ആരംഭിക്കണമെന്ന് തീരുമാനിച്ചത്. തൃശ്ശൂർ ജില്ലാകളക്ടർ ഇതിനുവേണ്ടി അക്വിസിഷൻ നടപടികളാരംഭിച്ചു. അതിനുള്ള സ്ഥലം അക്വയർ ചെയ്തു. കല്ലുകളും സ്ഥാപിച്ചതാണ്. അപ്പോഴാണ് ക്ലൈൻ ഇരട്ടിപ്പിക്കൽ തുടങ്ങിയത്. അപ്പോൾ സ്വാഭാവികമായും പാലത്തിന്റെ പണിയുടെ ചെലവ് വർദ്ധിക്കുമെന്നുള്ളതുകൊണ്ടും പ്ലാനും എസ്റ്റിമേറ്റും മാറേണ്ടിവന്നതുകൊണ്ടും, 1984-ഓടുകൂടി ഇരട്ടിപ്പിക്കൽ നടപടികളും ആരംഭിച്ചപ്പോൾ പണിയെല്ലാം നിറുത്തിവച്ചു. ഇപ്പോൾ വീണ്ടും 1984–ൽ 61 ലക്ഷത്തോളം രൂപ ചെലവു വരുന്ന ആ പാലത്തിന്റെ എസ്റ്റിമേറ്റും പ്ലാനും പൊതുമരാമത്തു വകുപ്പിന്റെ പരിഗണനയിൽ ഇരിക്കുകയാണ്. റെയിൽവേ ബോർഡിന് പണം അടയ്ക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ഇതിനുവേണ്ടി നൂറു രൂപയെ നീക്കിവച്ചിട്ടുള്ളു. 1984–ൽ ആരംഭിക്കണമെന്നു റെയിൽവേ ബോർഡ് ആവശ്യപ്പെട്ട 7 പാലങ്ങളിൽ മൂന്നാമത്തെ പ്രാധാന്യം ഈ പാലത്തിനുണ്ട്. അക്കാര്യം ഗവൺമെന്റിനറിയാം. ഏതായാലും ഇതിന്റെ പ്ലാനും എസ്റ്റിമേറ്റുംകൂടി കിട്ടിക്കഴിഞ്ഞാൽ തീർച്ചയായും ഇതിനു മൂന്നാമത് മുൻഗണന എന്നുള്ള നിലയിൽ പാലത്തിന്റെ പണി പൂർത്തിയാക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

31. തൃശ്ശൂർ കോൾ നിലങ്ങളിലെ സ്ഥിരം ബണ്ടിന്റെ പണി പൂർത്തിയാക്കൽ

ശ്രീ. കെ.കെ. ബാലകൃഷ്ണൻ: സർ, തൃശ്ശൂർ ജില്ലയിൽ കോൾ നിലങ്ങളിൽ 30,000 ഏക്കർ സ്ഥലത്ത് ഇരിപ്പു കൃഷിയിറക്കി ഭക്ഷ്യോൽപാദനം വർദ്ധിപ്പിക്കുന്നതിന് കൃഷിക്കാരെ സഹായിക്കുന്നതിന് 1978–ൽ ആരംഭിച്ച സ്ഥിരം ബണ്ടിന്റെ നിർമ്മാണം കഴിഞ്ഞ ഒരു വർഷമായി ഒന്നും നടക്കുന്നില്ല. സർ, 1978–ൽ 9 കോടി രൂപയായിരുന്നു എസ്റ്റിമേറ്റ്. ആ എസ്റ്റിമേറ്റിൽ 3 കോടി രൂപ ഗവൺമെന്റും 6 കോടി രൂപ ഇൻസ്റ്റിട്യൂഷണൽ ഫിനാൻസുമാണ് നൽകുന്നത്. അതിന്റെ എസ്റ്റിമേറ്റ് റേറ്റ് 1982–ൽ 21 കോടി രൂപയാക്കി. അങ്ങനെ റിവൈസ് ചെയ്ത എസ്റ്റിമേറ്റ് നബാർഡ് അംഗീകരിക്കാത്തതുകൊണ്ട് കെ. എൽ. ഡി. സിക്ക് പണി നടത്താൻ കഴിയാതെ വന്നു. സ്റ്റേറ്റു ബാങ്ക് ഓഫ് ഇൻഡ്യയാണ് പണം നൽകുന്നത്. എന്നാൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ പണം നൽകാതിരുന്നത് നബാർഡ് റിവൈസ്ഡ് എസ്റ്റിമേറ്റ് സാങ്ഷൻ ചെയ്യാത്തതുകൊണ്ടാണ്. അതു മാത്രമല്ല പണം നൽകാതിരുന്നതിന് ഒരു കാരണം, കുട്ടനാട് കൃഷിക്കാർ എടുത്ത ലോൺ തക്കസമയത്ത് തിരിച്ചടച്ചില്ലെന്നുള്ളതാണ് പണി ആരംഭിക്കാൻ അംഗീകാരം നൽകാതിരുന്നതിനുള്ള ഒരു കാരണം. കുട്ടനാട്ടുകാർ ചെയ്ത തെറ്റിന് തൃശ്ശൂർ ജില്ലക്കാരാണ് കഷ്ടപ്പെടുന്നത്. അതുകൊണ്ട് ഇതിന്റെ പണി ഉടനടി ആരംഭിക്കാനുള്ള നടപടികളാരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഡിസംബറിൽ ഈ പണി തുടങ്ങിയാൽ മാത്രമേ 1989–ൽ സ്ഥിരം ബണ്ടിന്റെ പണി പൂർത്തിയാക്കാൻ കഴിയൂ. അതുകൊണ്ട് സ്ഥിരം ബണ്ടിന്റെ പണി ഉടനടി ആരംഭിക്കാനുള്ള നടപടികളും സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, തൃശ്ശൂർ കോൾ വികസന പദ്ധതി ആരംഭിച്ചത് 1978–79ലാണ്. ഈ പദ്ധതിയുടെ അടങ്കൽ 9 കോടി 5 ലക്ഷം രൂപയായിരുന്നു. 4 വർഷം കൊണ്ടു പൂർത്തിയാക്കാമെന്നാണ് കരുതിയിരുന്നത്. സ്ഥലം പൊന്നും വിലയ്ക്ക് എടുക്കുന്നതിന് കാലതാമസമുണ്ടായതുമൂലം പദ്ധതി നടത്തിപ്പിലും കാലതാമസമുണ്ടായി. അതുകൊണ്ട് പദ്ധതിയുടെ അടങ്കൽ തുക പിന്നീട് പുതുക്കേണ്ടിവന്നു. പുതുക്കിയ എസ്റ്റിമേറ്റ് 1982–ൽത്തന്നെ നബാർഡിന്റെ അനുമതിക്കായി സമർപ്പിക്കുകയുണ്ടായി. നബാർഡിന്റെ അനുമതി ഇതുവരെ കിട്ടിയിട്ടില്ല. അതിനുവേണ്ടിയുള്ള ശ്രമം നടത്തിവരികയാണ്. നബാർഡുമായുള്ള ചർച്ചയുടെ ഫലമായി 1.25 കോടി രൂപ ഇടക്കാലാശ്വാസമായി അനുവദിച്ചു. ഈ പദ്ധതിയുടെ പണി നിറുത്തിവച്ചിട്ടില്ല. ആകെ നിർമ്മിക്കാനുള്ള 215 കിലോമീറ്റർ ബണ്ടിന്റെ പണിയിൽ 82 കിലോമീറ്റർ പൂർത്തിയാക്കി. ബാക്കി 75 കിലോമീറ്റർ ബണ്ടിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു. നബാർഡിന്റെ അനുവാദം തുടർന്നു കിട്ടുന്നതിന് ശ്രമിക്കുന്നതാണ്. ഇവിടെ പറഞ്ഞത് കുട്ടനാടിന് 10 കോടി രൂപയുടെ സ്കീമുണ്ടെന്നാണ്. കുട്ടനാടിന്റെ 4 ലക്ഷം രൂപയേ ഇതുവരെ അടച്ചിട്ടുള്ളൂ. ബാക്കി രൂപ അടക്കുന്നതിനുള്ള നടപടികളും ധൃതഗതിയിൽ നടക്കുകയാണ്. പണി പൂർത്തിയാക്കും. തൃശ്ശൂർ കോൾ കൃഷിക്കാരെ അവഗണിച്ചിട്ടില്ല. ഇതുവരെ 215 പമ്പ് സെറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. മൊത്തം 10779 ഹെക്ടർ സ്ഥലമാണ് ഉള്ളത്. ഇതുവരെ 58 ലക്ഷത്തി എൺപത്തൊൻപതിനായിരത്തി എഴുന്നൂറ്റി നാല്പത്താറു രൂപ നൽകിക്കഴിഞ്ഞിട്ടുണ്ട്.

32. തിരുവനന്തപുരം ജില്ലാ മുസ്ലീംലീഗ് സെക്രട്ടറിയുടെ നേരെ നടന്ന കയ്യേറ്റം

ശ്രീ. പി. കെ. കെ. ബാവ: സർ, നമ്മുടെ നിയമസഭയിലെ പ്രസ്സ് ഗാലറിയിലെ റിപ്പോർട്ടറും തിരുവനന്തപുരം ജില്ലാ മുസ്ലീംലീഗിന്റെ സെക്രട്ടറിയുമായ പി. എസ്. മുഹമ്മദ് ബഷീറിനെ ഇന്നലെ വൈകുന്നേരം 4 മണിക്ക് നിയമസഭാ നടപടികൾ റിപ്പോർട്ട് ചെയ്യാൻ വരുന്നവഴിക്ക് സെക്രട്ടേറിയറ്റിന് മുൻവശത്തുവച്ചു ചില ഗുണ്ടകൾ ചേർന്നു മർദ്ദിച്ചവശനാക്കിയതിനെത്തുടർന്നു ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. കേരളത്തിലെ ക്രമസമാധാനനില അപകടപ്പെട്ടിരിക്കുന്നു എന്നു വരുത്തിത്തീർക്കാൻവേണ്ടി, മാർക്സിസ്റ്റുകാരായ സി. ഐ. റ്റി. യു. പ്രവർത്തകൻമാർ ആസൂത്രിതമായി നടത്തിയ ഒരു ഗുണ്ടാവിളയാട്ടമാണ് ഇന്നലെ സെക്രട്ടേറിയറ്റിന് മുൻവശത്തു നടന്നത്. ഈ ഗുണ്ടായിസം സെക്രട്ടേറിയറ്റിന് മുൻവശത്തുവച്ച് നടന്നകാര്യം പ്രത്യേകം ശ്രദ്ധിക്കണം. പോലീസും ജനങ്ങളും തക്കസമയത്തു ഇടപെട്ടില്ലായിരുന്നെങ്കിൽ കൂടുതൽ അനിഷ്ടസംഭവങ്ങളുണ്ടാകുമായിരുന്നു. കേരളത്തിന്റെ ഭരണസിരാകേന്ദ്രത്തിന്റെ സമീപത്തുവച്ചു പത്രപ്രവർത്തകനായ ഒരു രാഷ്ട്രീയനേതാവിന് ഇങ്ങനെയൊരു മർദ്ദനമേൽക്കേണ്ടിവന്നകാര്യം പ്രത്യേകം ശ്രദ്ധിക്കണം. ഞാൻ ഇതിൽ ശക്തിയായി പ്രതിഷേധിക്കുന്നു.

ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. 'എന്റെ നിയോജകമണ്ഡലത്തിൽ നൂറുദ്ദീൻ എന്നുപറയുന്ന ഒരു പ്രവർത്തകനേയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരേയും മർദ്ദനമേറ്റതിന്റെ ഫലമായി ആശുപത്രിയിലാക്കിയിട്ടുണ്ട്. കണ്ണിൽച്ചോരയില്ലാത്ത ഇത്തരം പ്രവൃത്തികളാണ് നടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly